☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb.@gov.in, FAX: 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം – 695 004

പിസിബി/റ്റി4/115/1997 തീയതി: 27/09/2016

## സർക്കുലർ

വിഷയം : 'White' വിഭാഗത്തിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ 'One time registration' സംബന്ധിച്ച്.

സൂചന : 27.07.2016 – ലെ 199-മത് ബോർഡ് മീറ്റിംഗ് തീരുമാനം

199-മത് ബോർഡ് മീറ്റിംഗിൽ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസായ ശാലകളെ മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ Red, Orange, Green, White എന്നിങ്ങനെ തരം തിരിച്ച പുതുക്കിയ പട്ടികയും നിർദ്ദേശങ്ങളും വിശദമായി ചർച്ച ചെയ്തു. ചർച്ചയ്ക്ക് ശേഷം 'White'വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളെ ബോർഡിന്റെ അനുമതി പരിധിയിൽ ഉൾപ്പെടുത്തേണ്ടെന്നും എന്നാൽ ടി വിഭാഗത്തിൽപ്പെട്ട യൂണിറ്റുകൾ നിശ്ചിതതുക ഫീസ് ഒടുക്കി 'One time registration' 15 വർഷ കാലാവധിയിലേക്ക് നടത്തണമെന്നും തീരുമാനിച്ചു. ആയതിനാൽ 01.10.2016 മുതൽ, 'White' വിഭാഗത്തിൽപ്പെട്ട വ്യവസായ ശാലകൾ Online വഴി സമർപ്പിക്കുന്ന അനുമതി അപേക്ഷകളിന്മേൽ രജിസ്ട്രേഷൻ ഫീസായി 500/– രൂപ കരസ്ഥമാക്കേണ്ടതാണ്. ടി രജിസ്ട്രേഷൻ കാലാവധി, രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷമായിരിക്കും. എന്നാൽ ടി സ്ഥാപനം അനുവദിച്ച സ്ഥലത്തു നിന്നും മാറ്റിപ്രവർത്തിക്കേണ്ടി വന്നാൽ പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടി വരും.

ഒപ്പ്/-
ചെയർമാൻ

സ്വീകർത്താവ്

1. ചീഫ് എൻവയൺമെന്റൽ എഞ്ചിനീയർ, മേഖലാ ഓഫീസ്, എറണാകുളം
2. സീനിയർ എൻവയൺമെന്റൽ എഞ്ചിനീയർ, മേഖലാ ഓഫീസ്/ജില്ലാ ഓഫീസ്, തിരുവനന്തപുരം/കോഴിക്കോട്/എറണാകുളം/പാലക്കാട്.
3. എൻവയൺമെന്റൽ എഞ്ചിനീയർ, ജില്ലാ ഓഫീസ്, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം- ജില്ലാ ഓഫീസ്(1)/എറണാകുളം- ജില്ലാ ഓഫീസ്(2)/ഇ.എസ്.സി. - ഏലൂർ/തൃശ്ശൂർ/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
4. അക്കൗണ്ട്സ് ഓഫീസർ, ഹെഡ് ഓഫീസ്.
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹെഡ് ഓഫീസ്.
6. ഹെഡ് ഓഫീസിലെ എല്ലാ ടെക്കിനിക്കൽ ഓഫീസർമാർക്കും.
7. മെമ്പർ സെക്രട്ടറിയുടെ സി. എ.
8. ചെയർമാന്റെ സി. എ.
9. IT Cell – വെബ് സൈറ്റിൽ ചേർക്കുന്നതിനായി.

ഉത്തരവിൻ പ്രകാരം.

അസിസ്റ്റന്റ് എൻവയൺമെന്റൽ എഞ്ചിനീയർ